കാര്യങ്ങളും ഇതിനകത്ത് തീരുമാനിക്കാൻ കഴിയും. ഞങ്ങൾ ചിന്തിക്കുന്നതിനേക്കാൾ ഉപരിയായി മെമ്പർമാർ അവരുടെ അമെന്റുമെന്റുകളെക്കുറിച്ച് ചിന്തിച്ചിട്ടുണ്ട്. അത്തരം കാര്യങ്ങളെല്ലാംതന്നെ അർഹമായ പരിഗണന കൊടുത്തുകൊണ്ട് സ്ഫുടം ചെയ്തെടുത്ത, തെറ്റില്ലാത്ത, മറ്റ് യൂണിവേഴ്സിറ്റികൾക്കുകൂടി, ലാ യൂണിവേഴ്സിറ്റികൾക്ക് കൂടി ബാധകമായ ഒരു നിയമം, കേരളം മറ്റെല്ലാ കാര്യങ്ങളിലും മാതൃക കാണിച്ചതുപോലെ ഇക്കാര്യത്തിലും ഉണ്ടാകണമെന്നാണ് ഗവൺമെന്റിന്റെ ആഗ്രഹം. ആ ആഗ്രഹം സഫലീകരിക്കാൻ എല്ലാപേരുടേയും സഹകരണം പ്രതീക്ഷിക്കുകയാണ്. അതുമാത്രമേ എനിക്ക് ഈ സ്റ്റേജിൽ പറയാനുള്ളു. മറ്റെന്തെങ്കിലും കാര്യങ്ങൾ പറയാനുണ്ടെങ്കിൽ മൂന്നാം വായനയുടെ ഘട്ടത്തിൽ വീണ്ടും പറയാമെന്നു പറഞ്ഞുകൊണ്ട് ഈ ബിൽ ചർച്ചയ്ക്കുവേണ്ടി സമർപ്പിക്കുന്നു.

VIII. അറിയിപ്പ്

മഹാരാഷ്ട്രാ നിയമസഭാംഗവും മലയാളിയുമായ ശ്രീമതി ആനിശേഖറിന്റെ സന്ദർശനം സംബന്ധിച്ച്

മി. സ്പീക്കർ : ഇന്ന് ഒരു സന്തോഷകരമായ കാര്യമുണ്ട്. മഹാരാഷ്ട്രാ ലെജിസ്ലേച്ചറിലെ കൊളബ നിയോജകമണ്ഡലത്തെ പ്രതിനിധീകരിക്കുന്ന എം.എൽ.എ., കേരളത്തിലെ ഒരു സഹോദരി, ശ്രീമതി ആനിശേഖർ നമ്മുടെ അതിഥിയായി ഇവിടെ വന്നിട്ടുണ്ട്. എറണാകുളം ജില്ലയിലെ പോച്ചം തുരുത്തിൽ (ഡോ. എം. എ. കുട്ടപ്പന്റെ നിയോജകമണ്ഡലം) ജനിച്ചു വളർന്ന, അൻപത് കൊല്ലക്കാലം മുൻപു ബോംബയിലെത്തി ഇപ്പോൾ ബോംബയുടെ ഹൃദയഭാഗത്തെ നിയോജകമണ്ഡലത്തെ പ്രതിനിധീകരിച്ച് എം.എൽ.എ. യുമായ ആ വനിത കേരളത്തിനുതന്നെ അഭിമാനമാണ്. കേരള നിയമസഭ അവരെ അങ്ങേയറ്റം അഭിമാനപൂർവ്വം സ്വാഗതം ചെയ്യുന്നു.

മുഖ്യമന്ത്രി *(ശ്രീ. ഉമ്മൻ ചാണ്ടി)*: അങ്ങ് ഇവിടെ ശ്രീമതി ആനിശേഖറിനെക്കുറിച്ച് പറഞ്ഞത് വളരെ നന്നായി. അവർ ബോംബയിൽ സ്ഥാനാർത്ഥിയായി മൽസരിക്കുന്ന സമയത്ത് ഞാൻ തെരഞ്ഞെടുപ്പ് പ്രചരണത്തിനുവേണ്ടി അവിടെ പോയതാണ്. രണ്ട് മൂന്ന് തെരഞ്ഞെടുപ്പ് യോഗങ്ങളിൽ പങ്കെടുത്തു. അവരുടെ നാട്ടിലെ ജനങ്ങൾ അവർക്കു നൽകിയ സ്വീകരണത്തിൽ ഉണ്ടായ ആവേശകരമായ പിൻതുണകണ്ട് ഞാൻ അസൂയപ്പെട്ടിട്ടുണ്ട്. ഞാൻ അവർക്ക് എല്ലാ ഭാവുകങ്ങളും നേരുന്നു.

ശ്രീ. കെ. രാധാകൃഷ്ണൻ: കേരളത്തിന്റെ ശബ്ദം മഹാരാഷ്ട്ര നിയമസഭയിലും കേൾപ്പിക്കാൻ വേണ്ടി നമ്മുടെ പ്രിയപ്പെട്ട, നമ്മൾ ഇവിടെ ആദരിച്ച ശ്രീമതി ആനിശേഖർക്ക് കഴിയുന്നുവെന്നുള്ളത് നമ്മെ സംബന്ധിച്ചിടത്തോളം ഏറെ

LIBRARY ARCHIVES Kerala Legislative Assembly

സന്തോഷകരമാണ്. അങ്ങും മുഖ്യമന്ത്രിയും പ്രകടിപ്പിച്ചതുപോലെ അവർക്ക് തുടർന്നും അവരുടെ സ്ഥാനം നിലനിർത്താൻ കഴിയട്ടെയെന്ന് ഞാൻ ആശംസിക്കുന്നു.

നിയമനിർമ്മാണകാര്യം (തുടർച്ച)

മി. സ്പീക്കർ: ഇന്നത്തെ ബിൽ ഉണ്ട്, അതുപോലെ കഴിഞ്ഞ ദിവസം മാറ്റിവച്ച ബില്ലുകളുണ്ട്. ചർച്ച എത്ര സമയം വേണമെങ്കിലും ആകാം. പക്ഷേ ലെജിസ്ലേച്ചർ ബിസിനസ്സ് നടക്കണം. അതുകൊണ്ട് എല്ലാപേരും സഹകരിച്ച് പോകണം.

ശ്രീ. മത്തായി ചാക്കോ: എനിക്ക് ഒരു കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്താനുണ്ട്. ഈ ബില്ലിന് ഇപ്പോൾ ഭേദഗതി സർക്കുലേറ്റ് ചെയ്തിട്ടുണ്ട്. 10-8-2005 എന്ന ഡേറ്റുവച്ചാണ് ഇവിടെ നേരത്തെ സർക്കുലേറ്റ് ചെയ്തിരുന്നത്. ഇവിടെ നേരത്തെ സർക്കുലേറ്റ് ചെയ്ത അംഗങ്ങളുടെ ഭേദഗതി 819-ാം നമ്പർ വരെ വന്നിട്ടുണ്ട്. ബഹുമാനപ്പെട്ട മന്ത്രിയുടെ ഔദ്യോഗിക ഭേദഗതി സർക്കുലേറ്റ് ചെയ്തിട്ടുള്ളത് എട്ടാം തീയതിയാണ്. ബഹുമാനപ്പെട്ട മന്ത്രിയുടെ ഒഫിഷ്യൽ ഭേദഗതി, അതിന് മുൻപ് അംഗങ്ങളുടെ ഭേദഗതി. അതുകഴിഞ്ഞ് 10-ാം തീയതി ഭേദഗതി കൊടുക്കാനുള്ള സമയം കഴിഞ്ഞിട്ട് ശ്രീ. കെ. സി ജോസഫിന്റെ ഭേദഗതി എങ്ങനെ വന്നു?

മി. സ്പീക്കർ: ഇത് മന്ത്രിയുടെ ഒഫിഷ്യൽ അമെന്റുമെന്റിനുള്ള ഭേദഗതിയാണ്. ബഹുമാനപ്പെട്ട മന്ത്രി ഒഫിഷ്യൽ ഭേദഗതി സർക്കുലേറ്റ് ചെയ്തതിനുശേഷമാണ് അതിൻമേൽ ഭേദഗതി കൊടുക്കേണ്ടത്.

ശ്രീ. മത്തായി ചാക്കോ : അഞ്ച് മിനിറ്റിന് മുൻപ് മന്ത്രിയുടെ ഒഫിഷ്യൽ ഭേദഗതി വരുക. നമുക്കും സമയം തന്നാൽ മതി.

മി. സ്പീക്കർ : ഇതിൽ യാതൊരു അപാകതയുമില്ല. ഇനി ഏതെങ്കിലും മെമ്പർക്ക് അമെന്റുമെന്റ് കൊണ്ടുവരണമെങ്കിൽ അര മണിക്കൂറിനുള്ളിൽ കൊണ്ടുവരാം. തർക്കിച്ചിട്ട് കാര്യമില്ല.

ശ്രീ. മത്തായി ചാക്കോ: നിയമ വിദ്യാഭ്യാസത്തേയും നിയമ പഠന മേഖലയിലെ ഗവേഷണത്തേയും പ്രോത്സാഹിപ്പിക്കുന്ന ദേശീയ സർവ്വകലാശാല ബില്ലിനെ തത്വത്തിൽ ഞങ്ങൾ എതിർക്കുന്നില്ല. അതിനോട് യോജിപ്പാണുള്ളത്. ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിച്ചതുപോലെ നിയമപഠനവുമായി ബന്ധപ്പെട്ട് അതിന്റെ പുതിയ മേഖലകളെ സംബന്ധിച്ചുള്ള ഗവേഷണവും പഠനവും ആവശ്യമാണ്. ബഹുമാനപ്പെട്ട രാഷ്ട്രപതി സൂചിപ്പിച്ച സ്പെയ്സ് മേഖലയേയും സീ വാട്ടറിനേയും

LIBRARY ARCHIVES Kerala Legislative Assembly